# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 470 22/07/2015-ലെ മറുപടിക്ക്.

## തീരദേശ സുരക്ഷ മുൻകരുതൽ നടപടികൾ

ചോദ്യം :

ശ്രീ. പി. കെ. ബഷീർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. എം. ഉമ്മർ

മറുപടി :
രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | സംശയാസ്പദ സാഹചര്യങ്ങളിൽ വിദേശ യാനങ്ങൾ സംസ്ഥാന സമുദ്രാതിർത്തിയിൽ പ്രത്യക്ഷപ്പെടുകയും ഒരെണ്ണത്തെ പിടിച്ചെടുക്കുകയും ചെയ്ത സാഹചര്യത്തിൽ തീരദേശ സുരക്ഷാ കാര്യത്തിൽ കൂടുതൽ മുൻകരുതൽ നടപടികൾ പരിഗണനയിലുണ്ടോ; | (എ) | സംശയകരമായ സാഹചര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള യാനങ്ങളോ മറ്റെന്തെങ്കിലുമോ സംസ്ഥാന സമുദ്രാതിർത്തിയിൽ കാണപ്പെട്ടാൽ ഉടൻതന്നെ അവയെ കസ്റ്റഡിയിൽ എടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിന് ഇൻഡ്യൻ നേവി, ഇൻഡ്യൻ കോസ്റ്റ് ഗാർഡ്, മത്സ്യ ബന്ധന വകുപ്പ്, എന്നീ വകുപ്പുകളുമായി ചേർന്ന് സംസ്ഥാന സമുദ്രാതിർത്തിയിൽ കാര്യക്ഷമമായ രീതിയിൽ നിരീക്ഷണം നടത്തുന്നുണ്ട്. മേൽപറഞ്ഞ വകുപ്പുകളുമായി സഹകരിച്ച് മുഴുവൻ സമയ പട്രോളിംഗ് നടത്തുകയും ഇതിനുവേണ്ട പരിശീലനത്തിന്റെ ഭാഗമായി ഒരു വർഷത്തിൽ രണ്ടു തവണ 'തീരവേട്ട' എന്ന പേരിൽ സംയുക്ത പ്രവർത്തനം നടത്താറുമുണ്ട്. കടൽ കടന്നുവരാൻ സാദ്ധ്യതയുള്ള തീവ്രവാദ പ്രവർത്തനങ്ങളിൽ നിന്നും തീരദേശ മേഖലയെ സുരക്ഷിതമാക്കുന്നതിന് എല്ലാവിധ നടപടികളും സ്വീകരിച്ചു വരുന്നു. തീരസുരക്ഷയുടെ സമഗ്ര ഏകോപനം ലക്ഷ്യമിട്ട് ചീഫ് സെക്രട്ടറി, നാവിക സേനയുടെ ദക്ഷിണമേഖല ഫ്ളാഗ് ഓഫീസർ കമാന്റിംഗ് ഇൻ ചീഫ് എന്നിവരുടെ സംയുക്ത അദ്ധ്യക്ഷതയിൽ ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി റിവ്യൂ മീറ്റിംഗ് വർഷത്തിൽ രണ്ടു തവണ കൂടാറുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ രജിസ്റ്റർ ചെയ്ത മത്സ്യ ബന്ധന നൗകകൾ തിരിച്ചറിയുന്നതിന് കളർ കോഡിംഗ് സംവിധാനം ഏർപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിനായി തീരദേശ വാസികളുടെയും മത്സ്യബന്ധന തൊഴിലാളികളുടെയും സഹകരണവും നിരീക്ഷണവും ജാഗ്രതയും ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | തീരദേശ വാസികളുടെയും മത്സ്യ ബന്ധന തൊഴിലാളികളുടെയും സഹകരണവും നിരീക്ഷണവും ജാഗ്രതയും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനായി കടലോര ജാഗ്രത സമിതികളും, കായലോര ജാഗ്രത സമിതികളും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി സമിതി അംഗങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | എങ്കിൽ അവരുടെ സുരക്ഷക്കായി വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട അധികൃതർക്ക് കൈമാറുന്നതിനുള്ള ബോധവൽക്കരണവും ഉപകരണങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | കടലോര ജാഗ്രതാ സമിതിയുമായി ബന്ധപ്പെട്ട് മൽസ്യ ബന്ധന തൊഴിലാളികൾക്കും തീരദേശവാസികൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. സുരക്ഷാ സംബന്ധമായ അടിയന്തിര സന്ദേശങ്ങൾ കൈമാറുവാൻ സമിതി അംഗങ്ങൾക്ക് സിം കാർഡുകളും റീചാർജ് സൗകര്യങ്ങളും ടോൾ ഫ്രീ നമ്പറുകളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ